# പഠനത്തിനായി പാതയൊരുക്കാം
# മുന്നേറാം

## ക്ലാസ് 7

## സാമൂഹ്യശാസ്ത്രം

SCERT KERALA THIRUVANANTHAPURAM

പ്രിയപ്പെട്ട കുട്ടികളേ,

കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളിൽ (2020-21 & 2021-22) കോവിഡ് കാരണം സ്കൂളുകൾ പൂർണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു തന്നെ ഓരോ ക്ലാസിലും പഠിക്കേണ്ട ആശയങ്ങളും നൈപുണികളും സ്വായത്തമാക്കുന്നതിൽ ചില കുറവുകൾ ഉായിട്ടുണ്ട് എന്ന വസ്തുത ഒന്നാം പാദവാർഷിക പരീക്ഷയുടെ ഉത്തരകടലാസുകൾ വിശകലനം ചെയ്തതിന്റെയും അധ്യാപകരോട് സംവദിച്ചതിന്റെയും അടിസ്ഥാനത്തിൽ കത്തെിയിട്ടുണ്ട്. ഫലപ്രദമായി തുടർപഠനം സാധ്യമാക്കുന്നതിന് ഈ പഠനവിടവ് പരിഹരിക്കേണ്ടത് അനിവാര്യമാണ്. ഓരോ ക്ലാസിലെയും പാഠഭാഗങ്ങൾ പഠിക്കുന്നതിനുള്ള മുന്നറിവ് ഉറപ്പാക്കുക എന്നതാണ് ഈ സാഹചര്യത്തിൽ ചെയ്യുവാൻ കഴിയുക. ഓരോ ക്ലാസിനും അവശ്യം വേണ്ട മുന്നറിവുകൾ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന ഒരു ബുക്ക്ലെറ്റ് ആണിത്. ഈ പുസ്തകത്തിലെ പ്രവർത്തനങ്ങൾ സ്വന്തമായോ അധ്യാപകരുടെ സഹായത്തോടെയോ പൂർത്തിയാക്കണം അതിലൂടെ പഠനവിടവ് പരിഹരിച്ച് കൂടുതൽ ആത്മവിശ്വാസത്തോടെ തുടർപഠനം നടത്തുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഡയറക്ടർ
എസ്. സി. ഇ. ആർ. ടി.

### പ്രവർത്തനം-1.1

### പഠനനേട്ടം

- ✦ അക്ഷാംശ-രേഖാംശ രേഖകൾ ഭൂകേന്ദ്രത്തിൽ നിന്നുള്ള കോണീയ അകലങ്ങൾ ആണെന്ന് തിരിച്ചറിഞ്ഞ് ചിത്രീകരിക്കുന്നു.
- ✦ അക്ഷാംശ-രേഖാംശ രേഖകൾ ഉപയോഗപ്പെടുത്തി ഭൂമിയിൽ സ്ഥാനനിർണയം നടത്തുന്നു.

### ആശയങ്ങൾ

ക്ലാസ് - 6 യൂണിറ്റ് - 5 ഭൂമി കഥയും കാര്യവും
ക്ലാസ് - 7 യൂണിറ്റ് - 1 യൂറോപ്പ് പരിവർത്തനപാതയിൽ
ക്ലാസ് - 7 യൂണിറ്റ് - 2 കച്ചവടത്തിൽ നിന്ന് അധികാരത്തിലേക്ക്
ക്ലാസ് - 7 യൂണിറ്റ് - 6 ഭൂപടങ്ങളുടെ പൊരുൾതേടി

## പ്രവർത്തന പാക്കേജ്

### *ആവശ്യമായ സാമഗ്രികൾ*

- ➢ ലോക ഭൂപടം (ഔട്ട് ലൈൻ) - ഗ്രൂപ്പിന് ഓരോന്ന് (അനുബന്ധം-7.1)
- ➢ അറ്റ്ലസ് - ഗ്രൂപ്പിന് ഓരോന്ന്
- ➢ A4 പേപ്പർ
- ➢ കളർ പെൻസിൽ
- ➢ ഡബിൾ സൈഡ് ടേപ്പ്
- ➢ വൻകരകളുടെ സവിശേഷതകൾ (അനുബന്ധം-7.2)
- ➢ വൻകരകളുടെ സവിശേഷതകൾ എഴുതിയ ലോട്ട് (അനുബന്ധം-7.3)

### പ്രവർത്തനപ്രക്രിയ

കുട്ടികളെ ആറ് ഗ്രൂപ്പുകളാക്കി ലോകഭൂപടം (ഔട്ട്ലൈൻ) നൽകുന്നു. സമുദ്രങ്ങൾ നീല നിറത്തിലും വൻകരകൾ വ്യത്യസ്ത നിറങ്ങളിലും കളർ ചെയ്യുന്നു. ആറ് ഗ്രൂപ്പുകൾക്കും ഓരോ ലോകഭൂപടം (പൊളിറ്റിക്കൽ മാപ്പ്) വലുത് നൽകുന്നു. രണ്ട് മീറ്റർ അകലെനിന്ന് ഭൂപടത്തിലേക്ക് കോയിൻ ഇടുന്നു. കോയിൻ പതിച്ച വൻകരകൾ ടീച്ചർ ലിസ്റ്റ് ചെയ്യുന്നു. വൻകരകളുടെ സവിശേഷതകൾ എഴുതിയ ലോട്ടുകൾ നൽകുന്നു. ലോട്ടിൽ നിന്ന് ഓരോ ഗ്രൂപ്പ് ഓരോന്ന് തിരഞ്ഞെടുക്കുന്നു. സവിശേഷതകളിൽ നിന്ന് വൻകരകൾ കണ്ടെത്തുന്നു. ഓരോ വൻകരയുടെയും കൂടുതൽ സവിശേഷതകൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

| |
|---|
| ഏറ്റവും വലിയ വൻകര.<br>നമ്മുടെ രാജ്യമായ ഇന്ത്യ ഈ വൻകരയുടെ ഭാഗമാണ്. |

| |
|---|
| ഈ വൻകരയുടെ കൂടുതൽ പ്രദേശങ്ങളും മരുഭൂമിയാണ്.<br>നൈൽ നദി ഈ വൻകരയിലൂടെയാണ് ഒഴുകുന്നത്. |

| |
|---|
| ലോകത്ത് ഏറ്റവും കൂടുതൽ ഗോതമ്പ് ഉല്പാദിപ്പിക്കുന്നത് ഇവിടെയാണ്<br>പഞ്ചമഹാതടാകങ്ങൾ ഈ വൻകരയിലാണ്. |

| |
|---|
| ആമസോൺ നദി ഈ വൻകരയിലാണ് |

മരച്ചീനിയുടെ ജന്മദേശം ആണ് ഈ വൻകര

ലോകത്തിലെ ഏറ്റവും തണുപ്പ് കൂടിയ പ്രദേശം
വെളുത്ത ഭൂഖണ്ഡം എന്നറിയപ്പെടുന്നു


യൂറാൽ പർവതനിര ഈ വൻകരയെ ഏഷ്യയിൽ നിന്ന് വേർതിരിക്കുന്നു
വ്യാവസായികമായി വളരെയേറെ പുരോഗതി പ്രാപിച്ചിരിക്കുന്നു

പ്ലാറ്റിപ്പസ്, കങ്കാരു, ഡിങ്കോകൾ തുടങ്ങിയവ ഈ വൻകരയിൽ മാത്രം കാണുന്നു
വൻകര ദ്വീപ് എന്ന് വിശേഷിപ്പിക്കപ്പെടുന്നു

**ഉല്പന്നം**

*വൻകരകളുടെ സവിശേഷതകൾ കുറിപ്പ്*

## പ്രവർത്തനം 1.2 വർക്ക് ഷീറ്റ് (അനുബന്ധം-7.4)




വർക്ക് ഷീറ്റ് പൂർത്തിയാക്കുന്നതിനായി ഭൂപടം നിരീക്ഷിക്കുന്നു. അക്ഷാംശ രേഖാംശ രേഖകളെ കുറിച്ച് ചർച്ച ചെയ്തു ഭൂപടം / ഗ്ലോബ് നിരീക്ഷിച്ച് വർക്ക് ഷീറ്റ് പൂർത്തിയാക്കുക.

.

| വർക്ക് ഷീറ്റ് | |
|---|---|
| **A** | **B** |
| ഭൂമിയെ രണ്ട് അർദ്ധ ഗോളങ്ങളായി വിഭജിക്കുന്ന അക്ഷാംശ രേഖ. | |
| ഭൂമധ്യരേഖ കടന്നുപോകുന്ന വൻകരകൾ. | |
| ഗ്രീനിച്ച് രേഖ (0 ഡിഗ്രി രേഖാംശരേഖ ) കടന്നു പോകുന്ന വൻകരകൾ | |
| ഭൂമദ്ധ്യരേഖയുടെ ഏത് ഭാഗത്താണ് കൂടുതൽ രാജ്യങ്ങൾ കാണുന്നത്. (മുകളിൽ / താഴെ) | |
| ഉത്തരാർദ്ധ ഗോളത്തിൽ മാത്രം സ്ഥിതി ചെയ്യുന്ന വൻകരകൾ. | |
| ദക്ഷിണാർദ്ധഗോളത്തിൽ മാത്രം സ്ഥിതി ചെയ്യുന്ന വൻകരകൾ. | |
| ഇരു അർദ്ധഗോളങ്ങളിലുമായി സ്ഥിതിചെയ്യുന്ന വൻകരകൾ | |
| പ്രധാന അക്ഷാംശ രേഖകളായ ഭൂമധ്യരേഖ, ഉത്തരായന രേഖ ($23^{1}/_{2}{}^{0}$ വടക്ക് അക്ഷാംശം), ദക്ഷിണായന രേഖ ($23^{1}/_{2}{}^{0}$ തെക്ക് അക്ഷാംശം) എന്നിവ കടന്നുപോകുന്ന വൻകരകൾ | |
| ഇന്ത്യയിലൂടെ കടന്നുപോകുന്ന പ്രധാന അക്ഷാംശ രേഖ | |
| ഇന്ത്യയിലേക്ക് വാണിജ്യത്തിനായി കടന്നുവന്ന വിദേശ ശക്തികളായ പോർച്ചുഗീസുകാർ (പോർട്ടുഗൽ), ഡച്ചുകാർ (നെതർലന്റ്) ബ്രിട്ടീഷുകാർ (യു.കെ.) ഫ്രഞ്ചുകാർ (ഫ്രാൻസ്) ഏതു വൻകരയിൽ ഉൾപ്പെടുന്നു | |

**പ്രവർത്തനം–1.3**

ക്ലാസ് 7 യൂണിറ്റ്–1 യൂറോപ്പ് പരിവർത്തനപാതയിൽ

*നവോത്ഥാനത്തെ തുടർന്ന് ശാസ്ത്ര രംഗത്തുണ്ടായ പുരോഗതി പുതിയ യന്ത്രങ്ങളുടെ കണ്ടുപിടുത്തത്തിന് കാരണമായി യന്ത്രങ്ങൾ ഉൽപാദനരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവന്നു ഉല്പാദനം പതിന്മടങ്ങ് വർദ്ധിച്ചു ഉല്പാദന ചെലവ് കുറഞ്ഞു. ഉല്പാദന രംഗത്ത് ഉണ്ടായ ഈ മാറ്റത്തെ വ്യവസായ വിപ്ലവം എന്നറിയപ്പെടുന്നു. വ്യവസായ വിപ്ലവത്തിന്റെ ഭാഗമായി യൂറോപ്യൻ രാജ്യങ്ങളിൽ ഉല്പന്നങ്ങൾ കുന്നു കൂടി. ഈ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി കമ്പോളങ്ങൾ തേടി വിവിധ രാജ്യങ്ങളിലേക്ക് സമുദ്രമാർഗ്ഗങ്ങളിലൂടെയുള്ള സാഹസിക യാത്രകൾക്ക് തുടക്കം കുറിച്ചു. യൂറോപ്യന്മാരുടെ ഇന്ത്യയിലേക്കുള്ള വരവും ഈ യാത്രകളുടെ തുടർച്ചയായിരുന്നു.*

### താഴെപ്പറയുന്ന പ്രസ്താവനകൾ വായിച്ച് രാജ്യങ്ങൾ കണ്ടെത്തുക

- വ്യാവസായിക വിപ്ലവത്തിന് തുടക്കംകുറിച്ച രാജ്യം

- നവോത്ഥാനത്തിന് ആരംഭം കുറിച്ച രാജ്യം

- സമുദ്രമാർഗം ഇന്ത്യയിൽ ആദ്യമായി എത്തിച്ചേർന്ന യൂറോപ്യൻ രാജ്യം

- ഏറ്റവും കൂടുതൽ കാലം ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ച വിദേശ രാജ്യം

**പ്രവർത്തനം - 2.1**

**പഠനനേട്ടം**

- മധ്യകാല ഇന്ത്യയിലെ സാമൂഹിക സാമ്പത്തിക ജീവിതം വിശകലനം ചെയ്യുന്നു

**ആശയങ്ങൾ**

ക്ലാസ് - 6 യൂണിറ്റ് - 2 മധ്യകാല ഇന്ത്യ സമൂഹം വിഭവം വിനിമയം,
ക്ലാസ് - 7 യൂണിറ്റ് - 4 ഇന്ത്യ പുതുയുഗത്തിലേക്ക്
ക്ലാസ് - 7 യൂണിറ്റ് - 8 നവകേരള സൃഷ്ടിക്കായി

**പ്രവർത്തന പാക്കേജ്**

***ആവശ്യമായ സാമഗ്രികൾ***

വായനക്കുറിപ്പ് (അനുബന്ധം-7.5)

**പ്രവർത്തനപ്രക്രിയ**

***മധ്യകാല ഇന്ത്യയിലെ സ്ത്രീ സമൂഹം,***

*ശൈശവ വിവാഹവും സതി അനുഷ്ഠാനവും രാജ്യത്തിന്റെ പല ഭാഗത്തും നിലനിന്നിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ഫ്രഞ്ച് സഞ്ചാരിയായ ഫ്രാങ്കോയിസ് ബർണിയർ സതി അനുഷ്ഠാനം നേരിൽ കണ്ടതായി പറയുന്നുണ്ട്. പുനർവിവാഹത്തിന് നിയന്ത്രണം ഉണ്ടായിരുന്നു. പെൺകുട്ടികൾ ചെറുപ്രായത്തിൽ തന്നെ വിവാഹിതരാകുന്നതിനാൽ അവർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചിരുന്നില്ല.*

മധ്യകാല ഇന്ത്യയിൽ നിലനിന്നിരുന്ന അസമത്വവും അനാചാരങ്ങളും വിദേശ സഞ്ചാരികളുടെ കുറിപ്പിൽ നിന്നും വ്യക്തമാകുന്നു.

*സതി, ശൈശവ വിവാഹം, വിധവാ വിവാഹ നിഷേധം, സ്ത്രീ വിദ്യാഭ്യാസ നിഷേധം തുടങ്ങിയവ സ്ത്രീകളുടെ മുന്നേറ്റത്തിന് തടസ്സമായി നിലനിന്നു. 19ാം നൂറ്റാണ്ടിലൂടെ ഉയർന്നുവന്ന പരിഷ്കരണ പ്രസ്ഥാനങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനവും സ്ത്രീകളുടെ ഉന്നമനത്തിന് വഴിതെളിച്ചു.*

മധ്യകാലഘട്ടത്തിലെ സ്ത്രീകളുടെ അവസ്ഥയിൽ നിന്ന് സ്ത്രീശാക്തീകരണത്തിലേക്ക് ഉയരുന്നതിന് വഴിതെളിച്ച ഘടകങ്ങൾ പട്ടികപ്പെടുത്തുക

- നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ
-
-

**പ്രവർത്തനം – 2.2**

ആധുനിക സമൂഹം പല മേഖലകളിലും പുരോഗതി കൈവരിച്ചിട്ടും ഒരു സാംസ്കാരിക സമൂഹത്തിന് യോജിക്കാത്ത ചില വാർത്തകൾ നമ്മുടെ രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്നും വന്നുകൊണ്ടിരിക്കുന്നു.

ജാതിവിവേചനം

രോഗശാന്തിക്കായി അശാസ്ത്രീയ ചികിത്സ

സാമ്പത്തിക അഭിവൃദ്ധിക്കായി നരബലി

ദുർമന്ത്രവാദം

മനുഷ്യന്റെ യുക്തി ബോധവും ശാസ്ത്രീയ ചിന്തയും ഇല്ലാതാക്കുന്ന ഇത്തരം വിശ്വാസങ്ങളും സാമൂഹിക അസമത്വങ്ങളും സമൂഹത്തിൽ നിന്ന് ഒഴിവാക്കേണ്ടതല്ലേ?. ഇത്തരം പ്രവണതകൾ ഇല്ലാതാക്കുന്നതിന് നിയമനിർമാണം നടത്തുന്നതിൽ നിങ്ങളുടെ അഭിപ്രായം എന്താണ്? നിങ്ങളുടെ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുക.

**പ്രവർത്തനം – 3.1**

**പഠനനേട്ടം**

- അക്ഷാംശ രേഖാംശ രേഖകൾ ഉപയോഗിച്ച് ഭൂമിയൽസ്ഥാന നിർണ്ണയം നടത്തുന്നു.
- വൻകരകളെയും സമുദ്രങ്ങളെയും സംബന്ധിക്കുന്ന നിഗമനം രൂപീകരിക്കുന്നു

## ആശയങ്ങൾ

ക്ലാസ്-4 യൂണിറ്റ്-8 വായിക്കാം വരക്കാം
ക്ലാസ്-5 യൂണിറ്റ്-6 വൻകരകളും സമുദ്രങ്ങളും
ക്ലാസ്-7 യൂണിറ്റ്-1 യൂറോപ്പ് പരിവർത്തനപാതയിൽ
ക്ലാസ്-7 യൂണിറ്റ്-2 കച്ചവടത്തിൽ നിന്ന് അധികാരത്തിലേക്ക്
ക്ലാസ്-7 യൂണിറ്റ്-6 ഭൂപടങ്ങളുടെ പൊരുൾതേടി

## പ്രവർത്തന പാക്കേജ്

### *ആവശ്യമായ സാമഗ്രികൾ*

- ക്രിസ്റ്റഫർ കൊളംബസ്, വാസ്കോഡഗാമ, മഗല്ലൻ എന്നിവരുടെ സമുദ്ര യാത്രകളുടെ റൂട്ട് മാപ്പ് (അനുബന്ധം-7.6)
- അറ്റ്ലസ് - ഗ്രൂപ്പിന് ഒന്ന്
- ഗ്ലോബ് - ഗ്രൂപ്പിന് ഒന്ന്
- സമുദ്രങ്ങളെ കുറിച്ചുള്ള സവിശേഷതകൾ ലോട്ട് (അനുബന്ധം-7.7)

| **സമുദ്രങ്ങൾ സവിശേഷതകൾ** |
|---|
| ലോകത്തിലെ ഏറ്റവും ആഴം കൂടിയ ചലഞ്ചർ ഗർത്തം ഈ സമുദ്രത്തിലാണ് |
| ലോകത്തിലെ ഏറ്റവും തിരക്കേറിയ സമുദ്ര പാത ഈ സമുദ്രത്തിന്റെ വടക്കുഭാഗത്താണ് |
| ഒരു രാജ്യത്തിന്റെ പേരിൽ അറിയപ്പെടുന്ന സമുദ്രം |
| സമുദ്രത്തിന്റെ ഉപരിഭാഗം ഏകദേശം പൂർണമായും തണുത്തുറഞ്ഞ അവസ്ഥയിലാണ് |
| ഉത്തരധ്രുവത്തെ ചുറ്റിക്കിടക്കുന്ന സമുദ്രം |

### പ്രവർത്തനപ്രക്രിയ

സമുദ്രങ്ങളെക്കുറിച്ചുള്ള സവിശേഷതകൾ അടങ്ങിയ ലോട്ടുകൾ എടുത്ത് സമുദ്രം ഏതെന്ന് തിരിച്ചറിഞ്ഞ് അഞ്ച് ഗ്രൂപ്പാകുന്നു. (പസഫിക്, അറ്റ്ലാന്റിക്, ഇന്ത്യൻ, ആർട്ടിക്, അന്റാർട്ടിക്ക്)


*വയലും പുഴയും കടന്നുപോകാം*
*കടലിൽ കടലിൽ പകർന്നു പോകാം*
*പഴയകാലത്ത് കൊളംബസ് പോയ പോൽ*
*പുതിയ ലോകങ്ങൾ തിരഞ്ഞു പോകാം നമ്മൾ*
*പുതുവാന വട്ടങ്ങൾ തേടി പോകാം*


***എൻ വി കൃഷ്ണവാര്യർ***


തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്തത് ഏഷ്യൻ രാജ്യങ്ങളും യൂറോപ്യൻ രാജ്യങ്ങളും തമ്മിൽ നിലനിന്നിരുന്ന വ്യാപാരബന്ധങ്ങൾക്ക് തടസ്സം സൃഷ്ടിച്ചു.

പുതിയ വാണിജ്യ മാർഗ്ഗങ്ങൾ തേടാൻ ഇത് യൂറോപ്യന്മാരെ പ്രേരിപ്പിച്ചു. പുതിയ സമുദ്രമാർഗ്ഗങ്ങൾ തേടി യൂറോപ്യൻ നാവികർ സാഹസിക യാത്രക്കൊരുങ്ങി.

ക്രിസ്റ്റഫർ കൊളംബസ്, വാസ്കോഡഗാമ, മഗല്ലൻ എന്നിവരുടെ സമുദ്ര യാത്രകൾ ലോകചരിത്രത്തെ തന്നെ മാറ്റിമറിച്ചു.






ഗ്രൂപ്പിൽ തന്നിരിക്കുന്ന റൂട്ട് മാപ്പും അറ്റ്ലസും നിരീക്ഷിച്ച് ഇവർ നടത്തിയ സാഹസിക യാത്രകൾ ഏതെല്ലാം സമുദ്രങ്ങളിലൂടെയണെന്ന് കണ്ടെത്തി പട്ടിക പൂർത്തികരിക്കുക?

| ***നാവികർ*** | ***യാത്ര ചെയ്ത സമുദ്രങ്ങൾ*** |
|---|---|
| | |

| | |
|---|---|
| ക്രിസ്റ്റഫർ കൊളംബസ് | |
| വാസ്കോഡഗാമ | |
| മഗല്ലൻ | |

**പ്രവർത്തനം – 3.2**

**സമുദ്രങ്ങളോട് ചേർന്ന് കിടക്കുന്ന വൻകരകളെ കണ്ടെത്തുക. (അനുബന്ധം–7.7)**


| **സമുദ്രം** | **വൻകരകൾ** |
|---|---|
| പസഫിക് സമുദ്രം | |
| അറ്റ്ലാന്റിക് സമുദ്രം | |
| ഇന്ത്യൻ മഹാസമുദ്രം | |
| ആർട്ടിക് സമുദ്രം | |
| അന്റാർട്ടിക് സമുദ്രം | |

**പ്രവർത്തനം – 3.3**

ഏഴ് ഗ്രൂപ്പുകൾ ആകുന്നു ഗ്ലോബ് അറ്റ്ലസ് എന്നിവയുടെ സഹായത്തോടെ തന്നിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക (അനുബന്ധം–7.7)

| **വൻകരകൾ** | **ചേർന്നുകിടക്കുന്ന സമുദ്രങ്ങൾ** | **അതിർത്തി പങ്കിടുന്ന വൻകരകൾ** |
|---|---|---|
| ഏഷ്യ | | |
| ആഫ്രിക്ക | | |
| വടക്കേ അമേരിക്ക | | |
| തെക്കേ അമേരിക്ക | | |
| അന്റാർട്ടിക്ക | | |
| യൂറോപ്പ് | | |
| ആസ്ട്രേലിയ | | |

**അനുബന്ധം-7.1**



**അനുബന്ധം–7.2.1**

## വൻകരകളുടെ സവിശേഷതകൾ




**ഏഷ്യ.**

വലിപ്പത്തിലും ജനസംഖ്യയിലും ഒന്നാമതു നിൽക്കുന്ന വൻകരയാണ് ഏഷ്യ. ഇന്ത്യൻ മഹാസമുദ്രത്തിന് വടക്കായി സ്ഥിതിചെയ്യുന്നു. ധാരാളം മഴ ലഭിക്കുന്ന പ്രദേശങ്ങൾ. മഴ തീരെ കുറവായപ്രദേശങ്ങൾ. വർഷം മുഴുവൻ മഞ്ഞ് മൂടിക്കിടക്കുന്ന പ്രദേശങ്ങൾ. ചൂടു കൂടിയ പ്രദേശങ്ങൾ. മിതമായ ചൂടും തണുപ്പുള്ള പ്രദേശങ്ങൾ. എന്നിങ്ങനെ ഒട്ടനവധി വൈവിധ്യങ്ങൾ ഈ വൻകരയിൽ കാണാം. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ എവറസ്റ്റ് ഇവിടെയാണ്. നമ്മുടെ രാജ്യമായ ഇന്ത്യ ഈ വൻകരയുടെ ഭാഗമാണ്. ഗോതമ്പ്, ചോളം തുടങ്ങി വിവിധതരം വിളകൾ കൃഷി ചെയ്യുന്നു. ലോകത്ത് ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്നത് ഏഷ്യയിലാണ്.




**ആഫ്രിക്ക**

വലിപ്പത്തിന്റെ കാര്യത്തിലും ജനസംഖ്യയുടെ കാര്യത്തിലും രണ്ടാമതുള്ള ഭൂഖണ്ഡമാണ് ആഫ്രിക്ക. ഇന്ത്യൻ മഹാസമുദ്രത്തിനും അറ്റ്ലാൻറിക് സമുദ്രത്തിനും ഇടയിലായി സ്ഥിതി ചെയ്യുന്നു. കൂടുതൽ പ്രദേശങ്ങളും മരുഭൂമിയാണ്. അതുകൊണ്ട് കൃഷി വളരെ കുറവാണ്. ഭൂമധ്യരേഖയ്ക്ക് ഇരുവശവുമായി വ്യാപിച്ചുകിടക്കുന്ന ആഫ്രിക്കയിൽ വ്യത്യസ്ത കാലാവസ്ഥാമേഖലകൾ ഉണ്ട്. ലോകത്തിലെ ഏറ്റവും വലിയ മരുഭൂമിയായ സഹാറ ഇവിടെയാണ്. ലോകത്തിലെ ഏറ്റവും നീളം കൂടിയ നദിയായ നൈൽ ഈ വൻകരയിലൂടെ ഒഴുകുന്നു. ലോകത്ത് ഏറ്റവും കൂടുതൽ വന്യജീവി സമ്പത്തുള്ള നിബിഡവനങ്ങൾ ഈ വൻകരയിൽ കാണാം.

**അനുബന്ധം-7.2.2**




**വടക്കേ അമേരിക്ക**

ഭൂമിയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്തെ ഒരു ഭൂഖണ്ഡമാണ് വടക്കേ അമേരിക്ക. പസഫിക് സമുദ്രത്തിനും അറ്റ്ലാൻറിക് സമുദ്രത്തിനും ഇടയിലായി സ്ഥിതി ചെയ്യുന്നു. വലുപ്പത്തിൽ മൂന്നാം സ്ഥാനത്തുള്ള ഈ ഭൂഖണ്ഡത്തിന്റെ മഞ്ഞു മൂടിക്കിടക്കുന്ന പ്രദേശത്ത് താമസിക്കുന്ന വിഭാഗക്കാരാണ് ഇന്യൂട്ടുകൾ ( എസ്കിമോകൾ). അലാസ്കാ പർവതനിരയിലെ മാക് കിൻലിയാണ് ഇവിടുത്തെ ഏറ്റവും ഉയരം കൂടിയ കൊടുമുടി. ലോകത്ത് ലഭ്യമായ ഉപരിതല ശുദ്ധജലത്തിന്റെ ഏകദേശം 21 ശതമാനം ഉൾക്കൊള്ളുന്ന അഞ്ച് മഹാതടാകങ്ങൾ ഇവിടെയുണ്ട്. കൃഷിക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് ഇവിടെയുള്ളത്. ലോകത്ത് ഏറ്റവും കൂടുതൽ ഗോതമ്പ് ഉല്പാദിപ്പി ക്കുന്നത് ഇവിടെയാണ്.




**തെക്കേ അമേരിക്ക**

ഭൂമിയുടെ തെക്ക് പടിഞ്ഞാറ് ഭാഗത്തെ ഒരു ഭൂഖണ്ഡമാണ് തെക്കേ അമേരിക്ക. പസഫിക് സമുദ്രത്തിനും അറ്റ്ലാൻറിക് സമുദ്രത്തിനും ഇടയിലായി സ്ഥിതി ചെയ്യുന്നു. വലുപ്പത്തിൽ നാലാം സ്ഥാനത്തുള്ള ഈ വൻകരയിലൂടെയാണ് ലോകത്ത് ഏറ്റവും കൂടുതൽ ശുദ്ധജലം വഹിക്കുന്ന ആമസോൺ നദി ഒഴുകുന്നത്. ഈ വൻകരയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ് മൗണ്ട് 'കോങ് ഗുവ'. ആമസോൺ നദീതടത്തിലെ നിബിഡ വനങ്ങളിൽ വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ കാണപ്പെടുന്നു. കന്നുകാലി വളർത്തൽ ഇവിടുത്തെ ജനങ്ങളുടെ ഒരു പ്രധാന തൊഴിലാണ്.

**അനുബന്ധം-7.2.3**




**അന്റാർട്ടിക്ക**

ഭൂമിയുടെ തെക്കേ അറ്റത്തുള്ള ഭൂഖണ്ഡമാണ് അന്റാർട്ടിക്ക. ഭൂമിയുടെ ദക്ഷിണ ധ്രുവം ഈ ഭൂഖണ്ഡത്തിലാണ് സ്ഥിതി ചെയ്യുന്നത്. വലുപ്പത്തിൽ അഞ്ചാം സ്ഥാനത്തുള്ള ഈ ഭൂഖണ്ഡത്തിലാണ് ലോകത്തിലെ ഏറ്റവും തണുപ്പ് കൂടിയ പ്രദേശം സ്ഥിതി ചെയ്യുന്നത്. വർഷം മുഴുവൻ മഞ്ഞ് മൂടിക്കിടക്കുന്നതുകൊണ്ട് വെളുത്ത ഭൂഖണ്ഡം എന്നറിയപ്പെടുന്നു. അളവറ്റ ധാതുനിക്ഷേപങ്ങൾ ഉള്ള ഈ വൻകരയിൽ ധാതു പര്യവേഷണത്തിനായും കാലാവസ്ഥാപഠനങ്ങൾക്കായും പല രാജ്യങ്ങളും ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മൈത്രി, ഭാരതി എന്നിവ അൻറാർട്ടിക്കയിലുള്ള ഇന്ത്യയുടെ ഗവേഷണ കേന്ദ്രങ്ങളാണ്. സ്ഥിരമായി ജനവാസമില്ലാത്ത ഇവിടെ പെൻഗ്വിനുകൾ ധാരാളമായി കാണപ്പെടുന്നു.




യൂറോപ്പ്

വലുപ്പത്തിൽ ആറാം സ്ഥാനത്തുള്ള ഈ ഭൂഖണ്ഡം അറ്റ്ലാൻറിക് സമുദ്രത്തിനും ഏഷ്യ വൻകരയ്ക്കും ഇടയിലായി സ്ഥിതിചെയ്യുന്നു. യുറാൽ പർവതനിര യൂറോപ്പിനെ ഏഷ്യയിൽ നിന്ന് വേർതിരിക്കുന്നു. ജനസംഖ്യയിൽ മൂന്നാം സ്ഥാനത്തുള്ള ഈ ഭൂഖണ്ഡത്തിന്റെ തെക്കുഭാഗത്ത് മിതമായ ചൂടും തണുപ്പും ആണ് അനുഭവപ്പെടുന്നത്. എന്നാൽ വടക്കുഭാഗത്ത് അതികഠിനമായ തണുപ്പാണ്. വ്യവസായികമായി വളരെയേറെ പുരോഗതി പ്രാപിച്ചിരിക്കുന്നുവെങ്കിലും മത്സ്യബന്ധനം ഒരു പ്രധാന തൊഴിലാണ്.

**അനുബന്ധം-7.2.4**




**ആസ്ട്രേലിയ**

ഓഷ്യാനിയ എന്ന പേരിൽ അറിയപ്പെടുന്ന ഈ വൻകരയാണ് വലുപ്പത്തിൽ ഏറ്റവും ചെറുത്. പൂർണ്ണമായും ജലത്താൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതിനാൽ ഈ ഭൂഖണ്ഡത്തെ വൻകരദ്വീപ് എന്ന് വിശേഷിപ്പിക്കുന്നു. മുട്ടയിടുന്ന സസ്തനിയായ പ്ലാറ്റിപ്പസ്, ഡിങ്കോ, കംഗാരു തുടങ്ങിയവ ഈ വൻകരയിൽ മാത്രം കാണപ്പെടുന്നവയാണ്. ഗോതമ്പ് ധാരാളമായി കൃഷി ചെയ്യുന്നു.

**അനുബന്ധം–7.3**
**വൻകരകളുടെ സവിശേഷതകൾ ലോട്ട്**

| |
|---|
| ഏറ്റവും വലിയ വൻകര.<br>നമ്മുടെ രാജ്യമായ ഇന്ത്യ ഈ വൻകരയുടെ ഭാഗമാണ്. |

| |
|---|
| ഈ വൻകരയുടെ കൂടുതൽ പ്രദേശങ്ങളും മരുഭൂമിയാണ്.<br>നൈൽ നദി ഈ വൻകരയിലൂടെയാണ് ഒഴുകുന്നത്. |

| |
|---|
| ലോകത്ത് ഏറ്റവും കൂടുതൽ ഗോതമ്പ് ഉല്പാദിപ്പിക്കുന്നത് ഇവിടെയാണ്<br>പഞ്ചമഹാതടാകങ്ങൾ ഈ വൻകരയിലാണ്. |


| |
|---|
| ആമസോൺ നദി ഈ വൻകരയിലാണ്<br>മരച്ചീനിയുടെ ജന്മദേശം ആണ് ഈ വൻകര |

| |
|---|
| ലോകത്തിലെ ഏറ്റവും തണുപ്പ് കൂടിയ പ്രദേശം<br>വെളുത്ത ഭൂഖണ്ഡം എന്നറിയപ്പെടുന്നു |


| |
|---|
| യൂറാൽ  പർവതനിര ഈ വൻകരയെ ഏഷ്യയിൽ നിന്ന് വേർതിരിക്കുന്നു<br>വ്യാവസായികമായി വളരെയേറെ പുരോഗതി പ്രാപിച്ചിരിക്കുന്നു |

| |
|---|
| പ്ലാറ്റിപ്പസ്, കങ്കാരു, ഡിങ്കോകൾ തുടങ്ങിയവ ഈ വൻകരയിൽ മാത്രം കാണുന്നു<br>വൻകര ദ്വീപ് എന്ന് വിശേഷിപ്പിക്കപ്പെടുന്നു |


**അനുബന്ധം–7.4**


WORLD MAP
Arctic Circle
Tropic of Cancer
Equator
Tropic of Capricorn
Antarctic Circle
Prime Meridian
NORTH PACIFIC OCEAN
SOUTH PACIFIC OCEAN
NORTH ATLANTIC OCEAN
SOUTH ATLANTIC OCEAN
INDIAN OCEAN
ARCTIC OCEAN
SOUTHERN OCEAN
Canada
United States of America
Greenland (Denmark)
Russia
China
India
Australia
Brazil
Mongolia
Kazakhstan
Alaska (USA)
4,000 Miles
8,000 Kilometers


അനുബന്ധം-7.5.1


Christopher Columbus' Voyages
NORTH AMERICA
PACIFIC OCEAN
Hudson Bay
Mississippi River
Saint Lawrence River
Gulf of Mexico
SOUTH AMERICA
ATLANTIC OCEAN
EUROPE
AFRICA
1492-1493
1493-1496
1502-1504
1498-1500
N
E
S
W
0 500 1,000 miles
0 500 1,000 kilometers

**അനുബന്ധം-7.5.2**


Vasco da Gama's First Voyage to India, 1497-99
PORTUGAL
Lisbon
Azores
Canary Is.
Cape Verde Is.
St. Helena
ATLANTIC OCEAN
Cape of Good Hope
Elmina
AFRICA
Mediterranean Sea
Alexandria
Cairo
ARABIA
Caspian Sea
Aden
Hormuz
Mogadishu
Malindi
Kilwa
Mozambique
Sofala
Madagascar
Arabian Sea
Diu
Goa
Cannanore
Calicut
Cochin
INDIA
INDIAN OCEAN
0 500 1000 mi
0 800 1600 km
Vasco da Gama's route
A COMPTON'S MAP

**അനുബന്ധം-7.5.3**


Magellan's route
NORTH AMERICA
Pacific Ocean
SOUTH AMERICA
Atlantic Ocean
Spain
Start 1519
end 1522
AFRICA
EUROPE
ASIA
Indian Ocean
AUSTRALIA
1521 – Magellan is killed; Sebastian del Cano takes over remaining route

**അനുബന്ധം-7.6**

**സമുദ്രങ്ങൾ - സവിശേഷതകൾ**

| |
|---|
| ലോകത്തിലെ ഏറ്റവും ആഴം കൂടിയ ചലഞ്ചർ ഗർത്തം ഈ സമുദ്രത്തിലാണ് |


| |
|---|
| ലോകത്തിലെ ഏറ്റവും തിരക്കേറിയ സമുദ്ര പാത ഈ സമുദ്രത്തിന്റെ വടക്കുഭാഗത്താണ് |

| |
|---|
| ഒരു രാജ്യത്തിന്റെ പേരിൽ അറിയപ്പെടുന്ന സമുദ്രം |

| |
|---|
| സമുദ്രത്തിന്റെ ഉപരിഭാഗം ഏകദേശം പൂർണമായും തണുത്തുറഞ്ഞ അവസ്ഥയിലാണ് |

| |
|---|
| ഉത്തരധ്രുവത്തെ ചുറ്റിക്കിടക്കുന്ന സമുദ്രം |

**അനുബന്ധം-7.7**


NORTH PACIFIC OCEAN
SOUTH PACIFIC OCEAN
NORTH ATLANTIC OCEAN
SOUTH ATLANTIC OCEAN
INDIAN OCEAN
SOUTHERN OCEAN
ARCTIC OCEAN
ANTARCTICA
CANADA
UNITED STATES
MEXICO
BRAZIL
ARGENTINA
RUSSIA
CHINA
INDIA
AUSTRALIA
ALGERIA
LIBYA
EGYPT
SUDAN
CHAD
NIGER
MALI
IRAN
MADAGASCAR
MOZAMBIQUE
Greenland
© Nations Online Project